# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.5768** **03.11.2016 ലെ മറുപടി**

**കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.എസ്.ശബരീനാഥൻ**<br>**,,അടൂർ പ്രകാശ്**<br>**,, എൽദോസ് കുന്നപ്പിള്ളി**<br>**,,പി.ടി.തോമസ് :** | **മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് കൃഷിക്കാവശ്യമായ ജലം കൂടുതൽ സ്ഥലത്ത് എത്തിക്കു ന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;<br><br>(ബി) ഇതിനായി നിലവിലുള്ള ഏതെല്ലാം പദ്ധതികളാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ: | (എ)&(ബി)<br><br>2013-2014 കാലയളവിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച തടയണകളുടെയും റഗുലേറ്ററുകളുടെയും നിർമ്മാണം, ചാലിയാർ ബേസിനിലെ തടയണകളുടെ നിർമ്മാണം, തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നിവ കൂടുതൽ സ്ഥലത്ത് ജലസേചന സൗകര്യം ഏർപ്പെടുത്താനുദ്ദേശിച്ച് നടപ്പിലാക്കി വരുന്നു. തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നീ നിലവിലുള്ള പദ്ധതികൾ പ്രയോജനപ്പെടുത്താൻ |

ഉദ്ദേശിക്കുന്നു. പൂർത്തീകരിച്ച പദ്ധതികളുടെ വിവിധ കനാലുകളിൽ അറ്റകുറ്റപ്പണികൾക്കായുള്ള പ്രവൃത്തികൾ നടന്നു വരുന്നുണ്ട്. കൂടാതെ, കനാലുകളിൽ അടിഞ്ഞുകൂടിയിട്ടുള്ള മണ്ണും മറ്റു വസ്തുക്കളും ദേശീയ തൊഴിലുറപ്പ് പദ്ധതി മുഖേന നീക്കി കനാലുകൾ വൃത്തിയാക്കാറുണ്ട്. ഭാഗീകമായി പൂർത്തീകരിച്ച കാരാപ്പുഴ ജലസേചന പദ്ധതിയുടെ ഇടതുകര കനാലിലൂടെ 6.10 കി.മീറ്റർ ദൂരവും വലതുകര കനാലിലൂടെ 7.02 കി.മീറ്റർ ദൂരവും അരിമുണ്ട ഡിസ്ട്രിബ്യൂട്ടറിയിലൂടെ 2.12 കി.മീറ്റർ ദൂരവും ജലസേചനം നടത്തി വരുന്നുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിൽ കാഡാ പ്രവർത്തികൾ നടന്നു വരുന്നു. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെയും ഇടമലയാർ ജലസേചന പദ്ധതിയുടെയും ഇനിയും പൂർത്തീകരിക്കാനുള്ള കനാലുകൾ പൂർത്തീകരിച്ച് ജലവിതരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. PMKSY പദ്ധതിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ കനാലുകളിൽ നിന്നും കൂടുതൽ സ്ഥലത്ത് ജലം എത്തിക്കുന്നതിനുള്ള പ്രൊപ്പോസൽ ജില്ലാ കൃഷി നോഡൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. പാമ്പാർ ബേസിൻ പ്രോജക്റ്റിൽ ഉൾപ്പെടുത്തി പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. മറ്റ് 3 ഡാമുകളുടെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. മീനച്ചിൽ നദീ തട പദ്ധതിയിൽ ഉൾപ്പെടുത്തി അരുണാപുരത്ത് മിനി ഡാമിന്റെ നിർമ്മാണം ആരംഭിച്ചു. മറ്റ് 6 മിനി ഡാമുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദമാക്കുമോ ? | (സി) | തലപ്പിള്ളി പാക്കേജ്, കാസർഗോഡ് പാക്കേജ് എന്നീ പദ്ധതികളിൽ ഉൾപ്പെട്ട പ്രവൃത്തികൾ, നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ, ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള RCB, VCB എന്നിവയുടെ നിർമ്മാണം, കേരളത്തിലെ കബനി, ഭവാനി ബേസിനുകളിലെ ചെറുകിട ജലസേചന പദ്ധതികൾ, ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ പുനരുദ്ധാരണം എന്നീ നിലവിലുള്ള പദ്ധതികൾക്ക് വേണ്ടി ഉൾക്കൊള്ളിച്ചിട്ടുള്ള ബഡ്ജറ്റ് വിഹിത പ്രകാരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കാരാപ്പുഴ ജലസേചന പദ്ധതിക്കായി 2016-2017 സാമ്പത്തിക വർഷത്തിൽ 500 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മലമ്പുഴ, മംഗലം, പോത്തുണ്ടി, ചിറ്റൂർപ്പുഴ പദ്ധതികളിലെ കാഡാ പ്രവർത്തികൾക്കായി മൊത്തം 28 കോടി രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ ഈ വർഷത്തേക്കുള്ള പ്രവൃത്തികളുടെ ആക്ഷൻ പ്ലാൻ പരിശോധിച്ചു വരുന്നു. കൂടാതെ, പാമ്പാർ ബേസിൻ പ്രോജക്ടിൽ ഉൾപ്പെടുന്ന ഡാമുകളുടെ ഇൻവെസ്റ്റി ഗേഷൻ നടത്തുന്നതിനുള്ള തടസ്സങ്ങൾ മാറ്റുന്നതിന് നടപടികൾ എടുത്തു വരുന്നു. മീനച്ചിൽ നദീതട പദ്ധതിയിൽ ഉൾപ്പെടുന്ന മിനി ഡാമുകൾക്ക് പുതുക്കിയ ഭരണാനുമതിയും നല്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**